പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.922 — 28/04/2017-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമന അംഗീകാരം

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. ഇ.കെ വിജയൻ: | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2016-2017 അദ്ധ്യയന വർഷത്തിൽ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) യും (ബി) യും | 5-8-2016-ലെ ജി.ഒ (പി) നമ്പർ 134/2016/പൊവിവ പ്രകാരം 2015-16 ലെ തസ്തിക നിർണ്ണയം തന്നെയാണ് 2016-17 വർഷത്തേക്കു കൂടി ബാധകമാക്കിയത്. ഇത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. 2016-17 വർഷത്തെ തസ്തിക നിർണയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിൽ അന്തിമവിധി ഉണ്ടായതിനുശേഷം മാത്രമേ പ്രസ്തുത വർഷത്തെ നിയമനാംഗീകാരം സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. എങ്കിലും നിയമനം ലഭിച്ചവരുടെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണുന്നതിനായി 2016-17 ൽ തസ്തികയും ഒഴിവും നിലനിൽക്കുമെന്ന് ഉറപ്പുള്ള കേസുകളിൽ നിയമനാംഗീകാരം നൽകണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ചില ജില്ലകളിൽ പ്രസ്തുത നിയമനങ്ങൾക്ക് അംഗീകാരം നൽകി വരികയും എന്നാൽ ചില ജില്ലകളിൽ അത് നിഷേധിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽവന്നിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ